ഉടുമ്പൻചോല മണ്ഡലത്തിൽ എഴുതിത്തള്ളിയ വായ്പ

98(2350) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ-പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ വായ്പകൾ എഴുതിതള്ളിയിട്ടുണ്ട് ;

(ബി) ഇത്തരത്തിൽ പ്രസ്തുത വിഭാഗങ്ങൾക്ക് എത്ര രൂപയുടെ ആനുകൂല്യമാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ എഴുതി തള്ളിയ വായ്പ സംബന്ധിച്ച് ധനസഹായം ലഭിച്ച പട്ടികജാതി-പട്ടികവർഗ്ഗ-പരിവർത്തിത ക്രൈസ്തവരായ ഗുണഭോക്താക്കളുടെ എണ്ണവും എഴുതി തള്ളിയ തുകയും ചുവടെ ചേർക്കും പ്രകാരമാണ്.

എഴുതിതള്ളിയ സ്ഥാപനം	ഗുണഭോക്താക്കളുടെ എണ്ണം	എഴുതി തള്ളിയ തുക (രൂപയിൽ)
കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ	60	370485
സഹകരണ വകുപ്പ്	781	12820448
കേരള സംസ്ഥാന പരിവർത്തന ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ	67	2087687
ആകെ	908	15278620

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly